## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4811 | 24.07.2015 -ൽ മറുപടിക്ക്

### എച്ച്.ഐ.വി ദുരിത ബാധിതർക്ക് പെൻഷൻ

**ചോദ്യം**

ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി. ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
,, ഇ. കെ. വിജയൻ :

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി ദുരിത ബാധിതരായി എത്ര പേരുണ്ട് ; ഓരോ ജില്ലയിലും എത്ര വീതം ; വ്യക്തമാക്കാമോ ;

(എ) കേരളത്തിലെ ജ്യോതിസ് (ICTC) കേന്ദ്രങ്ങൾ മുഖേന എച്ച്.ഐ.വി. പരിശോധന നടത്തി കണ്ടെത്തിയ എച്ച്.ഐ.വി. ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എച്ച്.ഐ.വി. ബാധിതരുടെ എണ്ണം |
|---|---|
| ആലപ്പുഴ | 1191 |
| എറണാകുളം | 1758 |
| ഇടുക്കി | 398 |
| കണ്ണൂർ | 1532 |
| കാസർഗോഡ് | 1302 |
| കൊല്ലം | 998 |
| കോട്ടയം | 2339 |
| കോഴിക്കോട് | 4113 |
| മലപ്പുറം | 532 |
| പാലക്കാട് | 2363 |
| പത്തനംതിട്ട | 637 |
| തിരുവനന്തപുരം | 5263 |
| തൃശ്ശൂർ | 4505 |
| വയനാട് | 242 |
| **ആകെ** | **27173** |

| | | | |
|---|---|---|---|
| (ബി) | എച്ച്.ഐ.വി ദുരിത ബാധിതർക്ക് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖാന്തിരം നൽകിവരുന്ന ആനുകൂല്യങ്ങൾ വ്യക്ത മാക്കുമോ ; | (ബി) | എച്ച്.ഐ.വി. ബാധിതർക്ക് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖാന്തിരം പ്രതിമാസം നാനൂറ് (400) രൂപ ധനസഹായവും, നൂറ്റി ഇരുപത് (120) രൂപ യാത്രാപ്പടിയും ഉൾപ്പടെ അഞ്ഞൂറ്റി ഇരുപത് (520/-) രൂപ നൽകി വരുന്നു.<br>Anti Retroviral ചികിത്സ ആവശ്യമുള്ള എയ്ഡ്സ് രോഗികൾക്ക് പത്ത് എ.ആർ.ടി. കേന്ദ്രങ്ങളും പതിമൂന്ന് ലിങ്ക് എ.ആർ.ടി. കേന്ദ്രങ്ങളും വഴി സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. അതോടൊപ്പം അവസരജന്യ രോഗങ്ങളായ ക്ഷയരോഗം, ന്യുമോണിയ, പൂപ്പൽ മുതലായ രോഗങ്ങൾക്കുള്ള മരുന്നുകളും സൗജന്യമായി നൽകുന്നുണ്ട്. |
| (സി) | എച്ച്.ഐ.വി ദുരിത ബാധിതർക്ക് പെൻഷൻ നൽകുന്നുണ്ടോ ; എങ്കിൽ പ്രതിമാസ പെൻഷൻ തുകയെത്ര ; പെൻഷൻ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയു ണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഉണ്ട്. നാനൂറ് (400) രൂപ ധനസഹായവും, നൂറ്റി ഇരുപത് (120) രൂപ യാത്രാപ്പടിയും എന്ന നിരക്കിൽ അഞ്ഞൂറ്റി ഇരുപത് (520/-) രൂപ വീതം പ്രതിമാസം നൽകുന്നുണ്ട്. പെൻഷൻ കുടിശ്ശിക ഉണ്ട്. 2014 ജനവരി മുതൽ കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ